23-3-1995-ലെ സ.ഉ.(എം.എസ്.) 8/1995/സി.എ.ഡി. നമ്പർ ഉത്തരവിൻ പ്രകാരം കഴിഞ്ഞ അഞ്ച് വർഷമായി ഓരോ ബാലഭവനും പ്രതിവർഷം അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിന്റെ കണക്ക്/ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.* 23-3-1995-ലെ സ.ഉ. (എം.എസ്.) 8/1995/സി.എ.ഡി. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) ഓരോ ബാലഭവനും പ്രത്യേകം ശീർഷകം അനുവദിയ്ക്കണമെന്നും ബഡ്ജറ്റ് വിഹിതം തുല്യമായി വിതരണം ചെയ്യണമെന്നുമുള്ള ആവശ്യം സർക്കാരിനു മുമ്പാകെയുണ്ടോ; ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉണ്ട്. ആയത് പരിശോധിച്ചു വരുന്നു.

പൂതങ്കരയിൽ സാംസ്കാരിക സമുച്ചയം

372(1119) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ ഏനാദിമംഗലം പഞ്ചായത്തിലെ പൂതങ്കരയിൽ സാംസ്കാരിക സമുച്ചയം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

പരിശോധിച്ചു വരുന്നു.

മാവേലിക്കര മണ്ഡലത്തിലെ സാംസ്കാരിക പദ്ധതികൾ

373(1120) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിട്ടോറിയത്തോട് ചേർന്നുള്ള സ്ഥലത്ത് കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ, എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം, ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ളയുടെ നാമധേയത്തിലുള്ള സമുച്ചയ നിർമ്മാണത്തിന് ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നമ്പർ 18, റീ-സർവ്വേ നമ്പർ. 30-ൽ നൂറനാട് ലെപ്രസി സാനിട്ടോറിയം പ്രവർത്തിച്ചിരുന്ന സ്ഥലത്തുനിന്നും 5 ഏക്കർ ഭൂമി ആരോഗ്യ വകുപ്പ് വിട്ടു നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടിയായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിൽ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മാവേലിക്കര നിയോജക മണ്ഡലത്തിൽപ്പെട്ട തഴക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽവരുന്ന പമ്പ ഇറിഗേഷൻ പ്രോജക്ട് (പി.ഐ.പി.) വക റീസർവ്വേ നമ്പർ 556/14-ൽപ്പെട്ട 30 സെന്റ് സ്ഥലത്ത് നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പി.ഐ.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മുന്നോട്ടുവച്ച വ്യവസ്ഥകൾ സ്വീകാര്യമല്ലാത്തതിനാൽ പദ്ധതി നിർദ്ദിഷ്ട സ്ഥലത്ത് നടപ്പിലാക്കാനാവില്ല.

അഴീക്കോട് മണ്ഡലത്തിലെ സാംസ്കാരിക പദ്ധതികൾ

374 (1121) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ 2011 മുതൽ 2021 മാർച്ച് വരെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി അഴീക്കോട് മണ്ഡലത്തിൽ കണ്ണൂർ ബ്ലോക്കിൽ 4-ഉം കല്ല്യാശ്ശേരി ബ്ലോക്കിലുള്ള ഒരു ഗ്രാമപഞ്ചായത്തിലും കലാകാരന്മാരെ വിന്യസിക്കുകയും പ്രസ്തുത ബ്ലോക്കു പഞ്ചായത്തിനു കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഓരോ കലാകാരനും 10,000 രൂപ സാംസ്കാരിക വകുപ്പിൽനിന്നും 5,000 രൂപാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഉൾപ്പെടെ പ്രതിമാസം ആകെ 15,000 രൂപ ഫെലോഷിപ്പായി നൽകിവരുന്നുണ്ട്. അഴീക്കോട് മണ്ഡലത്തിൽ ചിറയ്ക്കലിൽ പ്രവർത്തിക്കുന്ന കേരള ഫോക് ലോർ അക്കാദമിയുടെ നേതൃത്വത്തിൽ അന്യംനിന്നു പോകുന്ന നാടൻ കലകൾ പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിനും നാടൻ കലകൾ പഠിക്കുന്ന കുട്ടികൾക്ക് സ്റ്റൈപ്പന്റ്, സ്കൂൾ ഫോക് ലോർ ക്ലബ്ബ്, കോളേജ് ഫോക് ലോർ ക്ലബ്ബ് ഇന്ത്യയ്ക്കുള്ളിലുള്ള